**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5196** **14-03-2023 - ൽ മറുപടിയ്ക്ക്**

**ദേവികുളം താലൂക്കിൽ വിതരണം ചെയ്ത രവീന്ദ്രൻ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ എത്ര പേർക്ക് രവീന്ദ്രൻ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 541 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇവയിൽ എത്ര പട്ടയങ്ങൾ റദ്ദ് ചെയ്തുവെന്നും റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കാമോ; | (ബി) | നാളിത് വരെ 410 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. 1964 ലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 12A, ഉപചട്ടം vi പ്രകാരം പതിവ് അധികാരിയായി തഹസീൽദാർ/ സ്പെഷ്യൽ തഹസിൽദാരെയും, 1971 ലെ കണ്ണൻ ദേവൻ ഹിൽസ് (ഭൂമി വീണ്ടെടുക്കൽ) നിയമത്തിലെ സെക്ഷൻ 9, സബ് സെക്ഷൻ 2 പ്രകാരം പതിവ് അധികാരിയായി ജില്ലാ കളക്ടറെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 1964 ലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 23 A പ്രകാരം ഒരു തഹസിൽദാർ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന അധികാരങ്ങളും പ്രവർത്തനങ്ങളും ഇതിനായി സർക്കാർ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥന് വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, ദേവികുളം താലൂക്കിൽ 1999 ൽ അഡീഷണൽ തഹസിൽദാരുടെ ചുമതല വഹിച്ചിരുന്ന ഡെപ്യൂട്ടീ തഹസിൽദാർ ശ്രീ. എം. ഐ. രവീന്ദ്രൻ, പട്ടയം നൽകുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനല്ലാത്തതിനാൽ ടി പട്ടയങ്ങൾ നിലനിർത്തുന്നതിന് യോഗ്യമല്ലെന്ന് കണ്ടാണ് 18/01/2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.14/2022/റവ. പ്രകാരം പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിനും അർഹരായവർക്ക് പുതിയ പട്ടയം നൽകുന്നതിനും ഉത്തരവായത്. |
| (സി) | റദ്ദ് ചെയ്ത പട്ടയങ്ങളിൽ അർഹരായ ആളുകൾക്ക് എത്ര കാലയളവിനുള്ളിൽ പുതുക്കിയ പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | അർഹരായ അപേക്ഷകർക്ക് രണ്ട് മാസത്തിനകം പട്ടയം അനുവദിക്കുന്നതിനാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. ഭൂമി പതിവ് നടപടി ക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അധിക സമയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | 28/05/2022ന് 3 മാസ അധികസമയവും 17/11/2022ന് വീണ്ടും 3 മാസ അധികസമയവും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തീരുമാന പ്രകാരം ഇതുവരെ എത്ര പേർക്ക് പുതുക്കിയ പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഡി) | പട്ടയ നടപടികൾ പൂർത്തിയായിട്ടില്ല. പുതിയ പട്ടയം ലഭിക്കുന്നതിന് നാളിത് വരെ 236 അപേക്ഷകളാണ് ലഭിച്ചത്. ആയതിൽ 195 കേസുകളിൽ സർവേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. ആദ്യഘട്ടത്തിൽ സർവ്വേ കഴിഞ്ഞ കേസുകളിൽ ഉൾപ്പെട്ട വസ്തുക്കളുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തിയ പതിവ് ലിസ്റ്റ്, 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം തയ്യാറാക്കി ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ കളക്ടർക്ക് സമർപ്പിച്ച ലിസ്റ്റിന് അംഗീകാരം നൽകി ദേവികുളം തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതാണ്. ഓരോ കേസിലും പതിച്ചുകിട്ടിയ കക്ഷികൾക്കും കൈമാറ്റം ലഭിച്ചവർക്കും ഉൾപ്പെടെ നോട്ടീസ് നൽകി വിചാരണ നടത്തി റദ്ദാക്കുകയും, പുതിയ അപേക്ഷകളിൻമേൽ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടികളും പാലിച്ച് മാത്രം നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടി വരുന്നതിനാൽ നടപടികൾക്ക് ആവശ്യമായ സ്വാഭാവിക സമയം മാത്രമാണ് എടുത്തു വരുന്നത്. |
| (ഇ) | പുതുക്കിയ പട്ടയം നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | (ഇ) | പട്ടയ നടപടികൾ പൂർത്തിയായിട്ടില്ല. പുതിയ പട്ടയം ലഭിക്കുന്നതിന് നാളിത് വരെ 236 അപേക്ഷകളാണ് ലഭിച്ചത്. ആയതിൽ 195 കേസുകളിൽ സർവേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. ആദ്യഘട്ടത്തിൽ സർവ്വേ കഴിഞ്ഞ കേസുകളിൽ ഉൾപ്പെട്ട വസ്തുക്കളുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തിയ പതിവ് ലിസ്റ്റ്, 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം തയ്യാറാക്കി ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ കളക്ടർക്ക് സമർപ്പിച്ച ലിസ്റ്റിന് അംഗീകാരം നൽകി ദേവികുളം തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതാണ്. ഓരോ കേസിലും പതിച്ചുകിട്ടിയ കക്ഷികൾക്കും കൈമാറ്റം ലഭിച്ചവർക്കും ഉൾപ്പെടെ നോട്ടീസ് നൽകി വിചാരണ നടത്തി റദ്ദാക്കുകയും, പുതിയ അപേക്ഷകളിൻമേൽ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടികളും പാലിച്ച് മാത്രം നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടി വരുന്നതിനാൽ നടപടികൾക്ക് ആവശ്യമായ സ്വാഭാവിക സമയം മാത്രമാണ് എടുത്തു വരുന്നത്. |

സെക്ഷൻ ഓഫീസർ